**അനുബന്ധം**

ചോദ്യംനമ്പർ (*274)-ന്റെ 'സി' പിരിവിന്റെ വിശദമായ മറുപടി

ഹൂപ്സ്

ലോകനിലവാരമുള്ള ബാസ്കറ്റ്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി സ്കൂൾ വിദ്യാർഥികൾക്ക് ബാസ്കറ്റ്ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തി തിരഞ്ഞെടുക്കപ്പെട്ടവർക്കാണ് പരിശീലനം നൽകുന്നത്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2020 ജനുവരി 21-ന് തിരുവനന്തപുരം തൈക്കാട് സെന്ററിലാണ് പദ്ധതി നടപ്പിലാക്കിയിരുന്നത്.

സ്പ്രിന്റ്

ലോക നിലവാരത്തിലുള്ള അത്ലറ്റുകളെ ചെറുപ്രായത്തിൽത്തന്നെ കണ്ടെത്തി അന്താരാഷ്ട്ര തലത്തിൽ കേരളത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്രിന്റ്. ആദ്യഘട്ടത്തിൽ കാസർഗോഡ്, കണ്ണൂർ, ഇടുക്കി, കോട്ടയം, പാലക്കാട്

പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. സ്കൂൾ വിദ്യാർഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തി തിരഞ്ഞെടുക്കപ്പെട്ടവർക്ക് ഈ പദ്ധതിയിലൂടെ പരിശീലനം നൽകിവരുന്നു.

<u>ഹെൽത്തി കിഡ്സ് പ്രോഗ്രാം</u>

SCERT അംഗീകരിച്ച ഫിസിക്കൽ എജ്യൂക്കേഷൻ കരിക്കുലം ഉപയോഗിച്ച് പ്രൈമറി സ്കൂൾ കുട്ടികളിൽ കായിക അഭിരുചിയുണ്ടാക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതിയാണ് ഹെൽത്തി കിഡ്സ് പ്രോഗ്രാം.

<u>ജൂഡോക</u>

അന്താരാഷ്ട്ര നിലവാരമുള്ള ജൂഡോ താരങ്ങളെ വാർത്തെടുക്കുകയെന്ന ഉദ്ദേശ്യത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണിത്. ആദ്യഘട്ടത്തിൽ സംസ്ഥാനത്ത് 10 കേന്ദ്രങ്ങളിൽ പദ്ധതി നടപ്പിലാക്കിവരുന്നു. ഒരു കേന്ദ്രത്തിൽ 8 മുതൽ 11 വയസ്സ് പ്രായമുള്ള 40 കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്. ആദ്യഘട്ടം സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖാന്തരം നടപ്പിലാക്കുകയും തുടർ നടത്തിപ്പിനുള്ള ചുമതല കേരള സംസ്ഥാന

സ്പോർട്സ് കൗൺസിലിന് നൽകിയിട്ടുണ്ട്.

പഞ്ച്

കേരളത്തിലെ വിദ്യാർഥികൾക്ക് ബോക്സിങ് എന്ന കായിക വിനോദത്തെ പരിചയപ്പെടുത്തുന്നതിനും സംസ്ഥാന, ദേശീയ, അന്തർദേശീയ തലങ്ങളിൽ മെഡൽ നേടാൻ പ്രാപ്തമാക്കുന്നതിനുമായി ഒരു ഗ്രാസ്റൂട്ട് പരിശീലന പരിപാടി 'പഞ്ച്' എന്ന പേരിൽ സംസ്ഥാനത്തെ 5 കേന്ദ്രങ്ങളിൽ ആരംഭിച്ചു. ബോക്സിങ്ങിനെക്കുറിച്ചുള്ള അറിവും മൂല്യങ്ങളും കേരളത്തിലുടനീളം പ്രചരിപ്പിക്കാൻ സഹായിക്കുന്ന ഒരു പ്രധാന പദ്ധതിയാണിത്. ആദ്യഘട്ടം സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖാന്തരം നടപ്പിലാക്കുകയും തുടർ നടത്തിപ്പിനുള്ള ചുമതല കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന് നൽകിയിട്ടുമുണ്ട്.

ഗോൾ

അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ താരങ്ങളെ വളർത്തിയെടുക്കുക എന്നത് ലക്ഷ്യമിട്ട് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഗോൾ. പ്രസ്തുത പദ്ധതി എല്ലാ നിയോജകമണ്ഡലങ്ങളിലും 140 സെന്ററുകളിലായി നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകുകയും പദ്ധതി

നടപ്പിലാക്കാനായി കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന് നിർദേശം നൽകിയിട്ടുമുണ്ട്.

ഒരു പഞ്ചായത്ത് ഒരു കളിക്കളം

ഗ്രാമീണ കളിസ്ഥലങ്ങളുടെ വികസനമാണ് കായിക വകുപ്പ് നടപ്പാക്കുന്ന സുപ്രധാന പദ്ധതികളിലൊന്ന്. എല്ലാവർക്കും പ്രായഭേദമന്യേ ഒത്തുകൂടാനും ശാരീരികവും മാനസികവുമായ ഉണർവുണ്ടാക്കാനും ഇതുവഴി സാധിക്കുന്നതാണ്.

ഖേലോ ഇന്ത്യ പദ്ധതി

രാജ്യത്തുടനീളമുള്ള കായിക വിനോദങ്ങളെ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ കേന്ദ്ര ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ഖേലോ ഇന്ത്യ പദ്ധതി. ഈ പദ്ധതിയിൽ കായിക അടിസ്ഥാന സൗകര്യവികസനം, കമ്മ്യൂണിറ്റി കോച്ചിങ്ങിന്റെ പ്രോത്സാഹനം, സ്കൂൾ, യൂണിവേഴ്സിറ്റി തലങ്ങളിൽ മത്സരങ്ങൾ, സ്പോർട്സ് അക്കാദമികളെ പ്രോത്സാഹിപ്പിക്കൽ, സ്കൂൾ തലത്തിൽ കായികക്ഷമത വർധിപ്പിക്കൽ എന്നിവയുൾപ്പെടുന്നു.

കോളേജ് സ്പോർട്സ് ലീഗ്

കോളേജ് സ്പോർട്സ് മത്സരങ്ങൾ ജനപ്രിയമാക്കുക, വാണിജ്യവൽക്കരിക്കുക എന്നീ ലക്ഷ്യങ്ങളോടെ കോളേജ് സ്പോർട്സ് ലീഗ് സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ നടത്തിപ്പിനായി ഗവേണിങ് ബോഡി രൂപീകരിച്ചിട്ടുണ്ട്. കോളേജുകളിൽ രൂപീകരിക്കുന്ന കോളേജ് സ്പോർട്സ് കൗൺസിലുകളിലൂടെയായിരിക്കും മത്സരങ്ങൾ സംഘടിപ്പിക്കുക. ഹോം, എവേ മത്സരങ്ങളായി സംഘടിപ്പിക്കാനുദ്ദേശിക്കുന്ന ലീഗ് കോളേജ് വിദ്യാർത്ഥികൾക്കിടയിൽ സംരംഭകത്വം വളർത്തുന്നതിനും സഹായകരമാകുന്ന തരത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്.

<u>ഇ-സ്പോർട്സ് സെന്റർ</u>

ഒളിമ്പിക്സിലുൾപ്പെടെയുള്ള അന്താരാഷ്ട്ര കായിക മേളകളിൽ ഇ-സ്പോർട്സ് ഒരു കായിക ഇനമായി അംഗീകരിച്ചുകഴിഞ്ഞ സാഹചര്യത്തിൽ സംസ്ഥാനത്ത് ഇ-സ്പോർട്സിന് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. "ഹെൽത്തി ഗെയിമിങ് എന്ന വീക്ഷണത്തോടെ ഇ-സ്പോർട്സ് ഗെയിമിങ് പരിശീലനം നടത്തുക എന്നതാണ് സെന്ററുകളുടെ പ്രഥമ ലക്ഷ്യം. ഇതോടൊപ്പം ഇ-സ്പോർട്സ്

മത്സരങ്ങൾ സംഘടിപ്പിക്കുക. പൊതുജനങ്ങൾക്ക് ഇ-സ്പോർട്സ് പരിചയപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളും ഇ-സ്പോർട്സ് സെന്ററുകൾ നിറവേറ്റുന്നതായിരിക്കും.

അനുബന്ധം-2

(1) റേഷൻ കാർഡ് മസ്റ്ററിങ് സംബന്ധിച്ച ശ്രീ. ഡി. കെ. മുരളി എം.എൽ.എ.-യുടെ സബ്മിഷന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി നൽകിയ മറുപടി

ബഹുമാനപ്പെട്ട അംഗം വളരെ പ്രസക്തമായ ഒരു വിഷയമാണ് സബ്മിഷനിലൂടെ സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുള്ളത്. ജനങ്ങൾക്കിടയിൽ ആശങ്ക ഉളവാക്കുന്ന പല വാർത്തകളും മസ്റ്ററിങ്ങുമായി ബന്ധപ്പെട്ട് മാധ്യമങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണ്. അർഹരായ ഒരാൾക്കുപോലും റേഷൻ ഭക്ഷ്യധാന്യങ്ങൾ നിഷേധിക്കാൻ പാടില്ല എന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട് എന്ന കാര്യം സഭയെ അറിയിക്കുകയാണ്. മസ്റ്ററിങ്ങുമായി ബന്ധപ്പെട്ട് NRK സ്റ്റാറ്റസ് രേഖപ്പെടുത്തുന്നതിൽ ഏതെങ്കിലും തരത്തിലുള്ള പിഴവുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് പരിഹരിച്ച് ഉടൻതന്നെ റേഷൻ വിഹിതം പുനഃസ്ഥാപിച്ചുനൽകുന്നതിനുള്ള ക്രമീകരണം താലൂക്ക് തലത്തിൽ

ഏർപ്പെടുത്തിയിട്ടുണ്ട്. മസ്റ്ററിംഗിന് വിധേയരാകാത്ത ആർക്കുംതന്നെ മാർച്ച് 31-ന് ശേഷം ഭക്ഷ്യധാന്യങ്ങൾ നൽകാൻ കഴിയില്ല എന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്.

കേന്ദ്രസർക്കാരിന്റെ കർശനമായ നിർദേശത്തിന്റെ അടിസ്ഥാനത്തിലാണ് 2024 സെപ്തംബർ 18 മുതൽ കേരളത്തിൽ മസ്റ്ററിങ് നടപടികൾ ആരംഭിച്ചിട്ടുള്ളത്. ഒന്നും രണ്ടും ഘട്ടങ്ങൾ പിന്നിട്ട് മസ്റ്ററിങ് നടപടികൾ അന്തിമ ഘട്ടത്തിലാണ്. നാളിതുവരെ സംസ്ഥാനത്ത് 95.83% മുൻഗണനാ കാർഡ് അംഗങ്ങൾ മസ്റ്ററിംഗിന് വിധേയമായിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ, മാർച്ച് 31-നമുമ്പ് മസ്റ്ററിങ് നടത്താത്ത മുൻഗണനാ കാർഡ് അംഗങ്ങളെ ഭക്ഷ്യധാന്യ വിഹിതത്തിന് യോഗ്യരായിട്ടുള്ളവരുടെ പട്ടികയിൽനിന്നും ഒഴിവാക്കുമെന്നാണ് ഉദ്യോഗസ്ഥതല യോഗത്തിൽ കേന്ദ്രസർക്കാർ പ്രതിനിധികൾ അറിയിച്ചിട്ടുള്ളത്. അത്തരമൊരു സാഹചര്യം ഒഴിവാക്കുന്നതിനായാണ് തൊഴിൽ-വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്കായി കേരളത്തിന് പുറത്ത് തങ്ങുന്നവരെ NRK സ്റ്റാറ്റസ് നൽകി റേഷൻ കാർഡിൽ നിലനിർത്തുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുള്ളത്. NRK സ്റ്റാറ്റസ് നൽകി കാർഡിൽ

നിലനിർത്തിയിട്ടുള്ളവർക്ക് തൽക്കാലം റേഷൻ വിഹിതം ലഭിക്കില്ലെങ്കിലും മസ്റ്ററിങ് നടത്തുന്ന മുറയ്ക്ക് റേഷൻ വിഹിതം ലഭ്യമാക്കും.

മാർച്ച് 31-ന് മുമ്പായി എല്ലാവർക്കും മസ്റ്ററിങ് നടത്തുന്നതിനുള്ള സൗകര്യം സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. മസ്റ്ററിങ് നടത്തേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് വിപുലമായ പ്രചരണം വകുപ്പുതലത്തിലും റേഷൻ കടകൾ വഴിയും മാധ്യമങ്ങൾ വഴിയും നൽകിവരുന്നു. മസ്റ്ററിങ് സൗകര്യം റേഷൻ കട തലത്തിൽ ലഭ്യമാണ്. കിടപ്പ് രോഗികളെ ഉദ്യോഗസ്ഥർ നേരിട്ട് വീടുകളിലെത്തി മസ്റ്ററിങ് നടത്തിവരുന്നു. ഇ-പോസ് മെഷീനിലൂടെ മസ്റ്ററിങ് നടത്താൻ കഴിയാത്തവർക്ക് ഐറിസ് സ്കാനർ വഴി മസ്റ്ററിങ് നടത്തിവരുന്നു. സംസ്ഥാനസർക്കാർ ആവശ്യപ്പെട്ടതുപ്രകാരം NIC വികസിപ്പിച്ച മേരാ KYC ആപ്പ് വഴിയും മസ്റ്ററിങ് നടത്താവുന്നതാണ്. എന്നാൽ മസ്റ്ററിങ്ങുമായി ബോധപൂർവം സഹകരിക്കാത്തവരെ സംബന്ധിച്ച് അതിന്റെ കാരണം പരിശോധിച്ചുവരുന്നു. മസ്റ്ററിങ് നടത്താതിരുന്നാൽ സംസ്ഥാനത്തിന് ലഭ്യമായ ഒരുകോടി അൻപത്തിനാല് ലക്ഷത്തി എൺപതിനായിരത്തി നാൽപത് (1,54,80,040) മുൻഗണനാ അംഗങ്ങളിൽ കേന്ദ്രസർക്കാർ കുറവുവരുത്താൻ സാധ്യതയുണ്ട്. മസ്റ്ററിങ് നടത്തിയ

ആർക്കെങ്കിലും റേഷൻ വിഹിതം കിട്ടാത്ത അവസ്ഥ ഉണ്ടോ എന്ന വിവരം റേഷൻ കട തലത്തിൽ പരിശോധിച്ചുവരുന്നു. അങ്ങനെയുള്ള കേസുകളിൽ അവർക്ക് റേഷൻ വിഹിതം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട അംഗം ഈ വിഷയം സബ്മിഷനിലൂടെ ഉന്നയിച്ചതിന് അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. മുൻഗണനാ അംഗങ്ങൾ മസ്റ്ററിങ് നടത്താതിരുന്നാൽ സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള മുൻഗണനാ അംഗങ്ങളുടെ എണ്ണത്തിൽ കേന്ദ്രസർക്കാർ വെട്ടിക്കുറവ് വരുത്താൻ സാധ്യതയുള്ളതിനാൽ, പരമാവധി അംഗങ്ങളെ മസ്റ്ററിങ്ങിൽ പങ്കെടുപ്പിക്കാനുള്ള ഒരു ശ്രമം ബഹുമാനപ്പെട്ട അംഗങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും അഭ്യർഥിക്കുകയാണ്.

## (2) <u>പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം സംബന്ധിച്ച് ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി</u>

പാലക്കാട് ജില്ലയിൽ ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനായി 26-05-2012-ലെ ഉത്തരവുപ്രകാരം സർക്കാർ

അനുമതി നൽകിയിരുന്നു. 20-05-2014-ലെ ഉത്തരവുപ്രകാരം മെഡിക്കൽ കോളേജ് പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തണമെന്നും തീരുമാനിച്ചിരുന്നു. 559.68 കോടി രൂപയുടെ ഡി.പി.ആർ-ന് 30-03-2015-ൽ അംഗീകാരം നൽകുകയും ചെയ്തു.

തുടക്കത്തിൽ ഈ സംരംഭത്തിന്റെ നിർമ്മാണ മേൽനോട്ട ചുമതല കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിനുകീഴിലുള്ള HSCC (India) Ltd. ആയിരുന്നു. എഗ്രിമെന്റ് കണ്ടീഷൻ പാലിക്കാതിരുന്നതിനാൽ അവർക്കുപകരം കേരള PWD-യെ ഏൽപ്പിക്കുയും ചെയ്തു. 2015-ൽ പ്രവൃത്തി PWD-യെ ഏൽപ്പിച്ചിരുന്നുവെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേഗത കൈവന്നത് 2016-നുശേഷമാണ്. 2012-13 മുതൽ 2015-16 വരെയുള്ള കാലയളവിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 28.68 കോടി രൂപയും ഭരണ ചെലവുകൾക്കായി 28.16 കോടി രൂപയുമാണ് ചെലവഴിച്ചത്. 2016-ന് ശേഷം 481.75 കോടി രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചു. ഭരണ നിർവഹണ ചെലവുകൾക്കായി 251.47 കോടി രൂപയും ചെലവഴിച്ചു.

മെഡിക്കൽ കോളേജിന്റെ DPR-ൽ ഉൾപ്പെട്ട അക്കാദമിക്ക് ബിൽഡിംഗ്, ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും ഹോസ്റ്റലുകൾ,

ചുറ്റുമതിൽ നിർമ്മാണം, ഭൂഗർഭജല സംഭരണി, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ഹോസ്പിറ്റൽ ബിൽഡിംഗ് എന്നിവ പൂർത്തീകരിച്ചു. 2021 മുതൽ ഒ.പി. സൗകര്യം ആ കോളേജിൽ ആരംഭിച്ചിട്ടുണ്ട്. പണി പൂർത്തീകരിച്ച ഹോസ്പിറ്റൽ വാർഡ് ബ്ലോക്കിൽ 2024 മാർച്ച് 12 മുതൽ 120 കിടക്കകളോടുകൂടിയ ഐ.പി. സൗകര്യം സജ്ജീകരിച്ചു. ഫയർ NOC ലഭ്യമായതോടുകൂടി അത്യാഹിത വിഭാഗം ഉൾപ്പെടെ പൂർണ്ണ തോതിലുള്ള പ്രവർത്തനം സജ്ജമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 13 ഡിപ്പാർട്ടുമെന്റുകൾ ഇതിനോടകം പ്രവർത്തനമാരംഭിച്ചു. ICU, ഓപ്പറേഷൻ തിയേറ്റർ എന്നിവ സജ്ജമാക്കി. ലാബ്, ഫാർമസി എന്നിവ 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു. നിലവിൽ കോളേജിൽ ബ്ലഡ്ബാങ്ക്, ഡയാലിസിസ് യൂണിറ്റ് എന്നിവ ഏർപ്പെടുത്തുന്നതിനായുള്ള നടപടികളും പുരോഗമിച്ചുവരുന്നു. മെഡിക്കൽ കോളേജിനോടനുബന്ധിച്ച് 2023-24-ൽ ഒരു നഴ്സിംഗ് കോളേജും പ്രവർത്തനമാരംഭിച്ചു. ഇതുവരെ 5 ബാച്ചുകളിലായി 500 വിദ്യാർഥികൾ പഠനം പൂർത്തീകരിക്കുകയും 5 ബാച്ചുകളിലായി 500 വിദ്യാർഥികൾ പഠനം നടത്തിവരികയുമാണ്. വിദ്യാർഥികൾക്ക് പാലക്കാട് ജില്ലാ ആശുപത്രിയുടെ സൗകര്യങ്ങൾ ടീച്ചിംഗ് ഹോസ്പിറ്റൽ എന്ന നിലയിൽ

പ്രയോജനപ്പെടുത്തിയാണ് പഠനം പൂർത്തീകരിച്ചത്. പാലക്കാട് മെഡിക്കൽ കോളേജിലേത് മെച്ചപ്പെട്ട വിജയ ശതമാനവുമാണ്. 4 ഡിപ്പാർട്ടുമെന്റുകളിൽ പോസ്റ്റ് ഗ്രാജ്വേഷൻ കോഴ്സുകൾ ആരംഭിച്ചു. 6 പോസ്റ്റ് ഗ്രാജ്വേഷൻ കോഴ്സുകൾ കൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

2016-നുശേഷം മെഡിക്കൽ കോളേജിൽ ടീച്ചിംഗ് വിഭാഗത്തിൽ 185-ഉം നോൺ ടീച്ചിംഗ് വിഭാഗത്തിൽ 224-ഉം ഉൾപ്പെടെ 409 തസ്തികകൾ സൃഷ്ടിച്ചു. 2016 മുതൽ അധികാരമേറ്റ സർക്കാരിന്റെ ഇച്ഛാശക്തിയോടെയുള്ള പ്രവർത്തനങ്ങളുടെ ഭാഗമായാണ് കോളേജിന് നാഷണൽ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം നേടിയെടുക്കാനായത്.

നിലവിൽ 11 വിഭാഗങ്ങളിലായി പ്രതിദിനം 1200-ഓളം രോഗികൾക്ക് ഒ.പി. വിഭാഗത്തിൽ ചികിത്സ നൽകിവരുന്നു. കൂടാതെ ഐ.പി. വിഭാഗവും നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. പാലക്കാട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നല്ല പരിശ്രമമാണ് 2016-ന് ശേഷമുണ്ടായിട്ടുള്ളത്. ആശുപത്രി പൂർണ്ണ സജ്ജമാകുന്നതോടെ പ്രതിദിനം 3000 പേർക്ക് ഒ.പി. വിഭാഗത്തിലും 500 പേർക്ക് ഐ.പി. വിഭാഗത്തിലും വിദഗ്ധ ചികിത്സ നൽകാനാകും. തൽഫലമായി മെഡിക്കൽ വിദ്യാഭ്യാസ

രംഗത്തേയും ചികിത്സാ രംഗത്തേയും സെന്റർ ഓഫ് എക്സലൻസായി പാലക്കാട് മെഡിക്കൽ കോളേജിനെ മാറ്റിയെടുക്കാനാകും.